# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3577

15/07/2015 -ൽ മറുപടിക്ക്

### വടകര മാഹി കനാൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. പി.ജെ.ജോസഫ് (ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര-മാഹി കനാലിന്റെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) വടകര-മാഹി കനാലിന്റെ ആദ്യ റീച്ച് മൂഴിക്കൽ (ചെയിനേജ് 450.080 കി.മീ മുതൽ) കന്നിനട (ചെയിനേജ് 454.800 കി.മീ) വരെ സംസ്ഥാന ജലപാതയുടെനിലവാരത്തിൽ പൂർത്തിയായിട്ടുണ്ട്. ദേശീയ ജലപാതയുടെ നിലവാരത്തിൽ എക്സ് കവേഷൻ നടത്തുന്നതിനും ഇരുകരകളുടെയും സംരക്ഷണ പ്രവൃത്തികൾ ക്കുമുള്ള പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. രണ്ടാം റീച്ച് 454.800 കി.മീ മുതൽ 457.380 കി.മീ വരെ പ്രവൃത്തി പൂർത്തിയായിവരുന്നു. മൂന്നാം റീച്ച് (ചെയിനേജ് 457.380 കി.മീ മുതൽ 460.620 കി.മീ) കല്ലേരി വരെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. 43 ശതമാനം പ്രവൃത്തി പൂർത്തീകരി ച്ചിട്ടുണ്ട്. നാലാം റീച്ച് 460.620 കി.മീ മുതൽ 464.210 കി.മി വരെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 93 ശതമാനം പൂർത്തിയായിട്ടുണ്ട്. അഞ്ചാം റീച്ചിൽ 464.210 കി.മി മുതൽ 467.690 കി.മീ വരെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതിൽ 20 ശതമാനം പൂർത്തിയായിട്ടുണ്ട്. |
| (ബി) പദ്ധതി പ്രകാരം നിർമ്മിക്കേണ്ട പാലങ്ങൾ എവിടെയൊക്കെയെന്നും അവ നിർമ്മിക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വിശദമാക്കുമോ; | (ബി) <u>(1) മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ്</u>-16.95 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ വയ്ക്കുവാനായി ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. |

(2) കന്നിനട പാലം- ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ഡി.ആർ. ബി.യിൽ നിന്നും ഡിസൈൻ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(3) കോട്ടപ്പള്ളി പാലം- ഐ.ഡി.ആർ.ബി.യിൽ നിന്നും ഡിസൈൻ അംഗകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(4) പറമ്പിൽ പാലം- റീ ടെണ്ടർ ചെയ്തു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(5) കല്ലേരി റോഡ് പാലം- റിടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(6) വെങ്ങോലി പാലം- ഭരണാനുമതിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(7) കളിയാംവള്ളി പാലം- ഭരണാനുമതിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കൂടാതെ കൂമുള്ളി ഫൂട്ട് ബ്രിഡ്ജ് ചാത്തോത്ത് പൊയിൽ, നരിക്കി യോത്ത് താഴെ, തച്ചോളി താഴെ, ചാത്തിയോത്ത് പൊയിൽ മസ്ജിദിന് സമീപം, ഒറ്റക്കണ്ടിത്താഴെ എന്നീ സ്ഥലങ്ങളിൽ നടപ്പാലങ്ങൾ നിർമ്മിക്കുന്ന തിനുള്ള എസ്റ്റിമേറ്റ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന് വയ്ക്കുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാവുന്തൻ നട കണ്ണൻകുട്ടി ഫൂട്ട് ബ്രിഡ്ജ്, തില്ലേരിത്താഴെ, രാജവീഥി കല്ലിൽതാഴെ, പൊതിമാത്തിൽതാഴെ, കറുവയൽ കരിങ്ങാലിമുക്ക് എന്നീ സ്ഥലങ്ങളിലും നടപ്പാലങ്ങൾ ആവശ്യമുണ്ട്.

(സി) വടകര-മാഹി കനാൽ പദ്ധതി പൂർത്തിയാക്കി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(സി) ആദ്യ റീച്ച്: ദേശീയജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തി കൾക്ക് ഭരണാനുമതി ലഭിച്ചശേഷം ഒരു വർഷം കൊണ്ട് പൂർത്തിയാകുന്നതും ആയത് പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാവുന്നതുമാണ്.

രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ടെണ്ടർനടപടികൾ പൂർത്തീകരിച്ച് പണി പൂർത്തി യാക്കിയതിന് ശേഷം മാത്രമേ കമ്മീഷൻ ചെയ്യാൻ കഴിയൂ.

മൂന്നാം റീച്ച്- ഒന്നാം റീച്ച് പൂർത്തീകരിക്കുന്ന മുറയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും.

നാലും അഞ്ചും റീച്ച് പൂർണ്ണ തോതിൽ കമ്മീഷൻ ചെയ്യണമെങ്കിൽ പാലങ്ങളുടെ കൂടി നിർമ്മാണം പൂർത്തിയാക്കണം. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ സമയ ബന്ധിതമായി വന്നാൽ പ്രവൃത്തി 2016 ഡിസംബറോടെ പൂർത്തിയാകും.

സെക്ഷൻ ഓഫീസർ